സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

53 (2057) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി.വഴി അല്ലാതെ പഞ്ചായത്ത് സ്കൂളുകളിൽ നിയമനം ലഭിച്ച് ഡിവിഷൻ നഷ്ടപ്പെട്ടതിനെത്തുടർന്ന് പുറത്ത് നിൽക്കേണ്ടിവന്ന എത്ര അദ്ധ്യാപകർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് നിയമിച്ച ഇത്തരം അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) 14-7-1997-ന് മുമ്പ് പഞ്ചായത്തു സ്കൂളുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ തസ്തിക നഷ്ടംമൂലം പുറത്ത് പോകേണ്ടിവന്നാൽ അവർക്ക് സംരക്ഷണം നൽകി മറ്റ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ

54 (2058) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇവയിൽ എത്ര ഒഴിവുകൾ അന്തർജില്ലാ നിയമനത്തിനും പ്രമോഷൻ നിയമനത്തിനും നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; അവ ഈ ആവശ്യത്തിന് നീക്കി വച്ച് ഉത്തരവായത് ഏത് തീയതി മുതലാണ് ;

(ബി) ദിവസവേതനത്തിലും മാസവേതനത്തിലും ഈ തസ്തികയിൽ എത്ര പേർ ജോലി ചെയ്യുന്നു എന്നും നിയമനരീതിയും തീയതിയും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly